**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 19** **04-10-2021 - ൽ മറുപടിയ്ക്ക്**

**മുത്തേടം വില്ലേജിലെ മിച്ചഭൂമി കേസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്കിൽ മുത്തേടം വില്ലേജിലെ SR 156/97 മിച്ചഭൂമി കേസിലെ ഇരകളായ നിരവധി കുടുംബങ്ങൾക്ക് നിരപരാധികളായിട്ടും നീതി നിഷേധിക്കപ്പെട്ട കാര്യം മുഖ്യമന്ത്രിയുടെ ശ്രദ്ധയിലുണ്ടോ; 1970ന് മുമ്പ് പട്ടയം ഉണ്ടായിട്ടും മിച്ചഭൂമി കേസുകളിലകപ്പെട്ട് കഴിയുന്നവരുടെ ആക്ഷേപങ്ങൾ നിലമ്പൂർ താലൂക്ക് ലാന്റ് ബോർഡിൽ പ്രത്യേക കേസായി പരിഗണിച്ച് തീർപ്പാക്കാൻ സാധിക്കുമോ; മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്ന് C6-119003/17 ഫയൽ നമ്പർ പ്രകാരം മലപ്പുറം ജില്ലാ കളക്ടർക്ക് നൽകിയ അടിയന്തിര പ്രാധാന്യമുള്ള കത്തിൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കാമോ; | (എ) | മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്ക് മുത്തേടം വില്ലേജിലെ ശ്രീ.പുതിയറ ഉണ്ണി അലവി എന്നവരുടെ SR 156/97-ാം മിച്ചഭൂമി കേസിൽ കേരള ഭൂപരിഷ്കരണ നിയമം വകുപ്പ് 85(8) പ്രകാരം ലഭിച്ച അപേക്ഷയിന്മേൽ നിലമ്പൂർ താലൂക്ക് ലാൻഡ് ബോർഡിൽ വിചാരണ നടന്നുവരികയാണ്. |
| (ബി) | മേൽ ഭൂമിയിലെ 155 കുടുംബങ്ങൾ മിച്ചഭൂമിയിൽ ഉൾപ്പെട്ടതല്ലെന്ന് സ്പെഷ്യൽ താഹസിൽദാർ ലാന്റ് ബോർഡ് മുമ്പാകെ 2017-ൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതിനാൽ തുടർപരിശോധന വേഗത്തിൽ നടത്തി തീർപ്പ് കൽപ്പിച്ച് ഉത്തരവ് നൽകാൻ സാധിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | ശ്രീ.പുതിയറ ഉണ്ണി അലവി എന്നയാളുടെ എസ്.ആർ.156/97-ാം നമ്പർ മിച്ചഭൂമി കേസിൽ നിലമ്പൂർ മുത്തേടം വില്ലേജിലെ വിവിധ സർവ്വെ നമ്പരിൽ നിന്നും 373.80 ഏക്കർ ഭൂമി ഏറ്റെടുക്കാൻ ഉത്തരവായിട്ടുള്ളതാണ്. എന്നാൽ മുത്തേടം വില്ലേജിലെ സർവ്വെ നമ്പർ 1186/2A യിലെ മൊത്ത വിസ്തീർണ്ണമായ 2558.50 ഏക്കർ ഭൂമിയിൽ നിന്നുമാണ് 281.60 ഏക്കർ ഭൂമി ഏറ്റെടുക്കേണ്ടത്. ടി സർവ്വെ നമ്പരിൽ താമസിക്കുന്ന 238 ഓളം കക്ഷികൾ നിലമ്പൂർ താലൂക്ക് ലാൻഡ് ബോർഡ് ചെയർമാൻ മുമ്പാകെ കേരള ഭൂപരിഷ്കരണ നിയമം, വകുപ്പ് 85(8) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയതിൽ 155 പേരുടെ അപേക്ഷയിന്മേൽ ഓതറൈസ്ഡ് ഓഫീസർ സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചതിൽ പ്രഖ്യാതാവുമായി ബന്ധമില്ലായെന്ന് കാണുന്നു. ആയതിനാൽ പ്രഖ്യാതാവിന്റെ അക്കൗണ്ടിൽ നിന്നും ടി ഭൂമി കുറവ് ചെയ്യാൻ സാധിക്കാത്തതിനാൽ 26/08/2021-ലെ വിചാരണയിൽ ഏറ്റെടുക്കേണ്ട ഭൂമി ഐഡന്റിഫൈ ചെയ്ത് തുടർ നടപടികൾ സ്വീകരിക്കുന്നതിന് കൂടുതൽ |

| | | | |
|---|---|---|---|
| | | | സമയം ആവശ്യമുള്ളതായി ഓതറൈസ്ഡ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിലേക്ക് വില്ലേജ് ഓഫീസറെയും ഓതറൈസ്ഡ് ഓഫീസറെയും സഹായിക്കുന്നതിലേയ്ക്ക് ഒരു സർവ്വെ ടീമിന്റെ സഹായം താലൂക്ക് ലാൻഡ് ബോർഡ് ചെയർമാൻ അഭ്യർത്ഥിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | അഞ്ച് സെന്റിൽ താഴെ ഭൂമിയുള്ള പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾ ഉൾപ്പടെ 1980-ന് മുൻപ് പട്ടയം ലഭിച്ചിട്ടും മിച്ചഭൂമി കേസിന്റെ ഇരകളായി തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മേൽ വിഷയത്തിൽ ബഹു. മുഖ്യമന്ത്രിക്ക് നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ലാന്റ് ബോർഡ് സെക്രട്ടറി C6-119003/17, LB(E) 2-5363/17 നമ്പർ ഫയലിൽ സ്വീകരിച്ച തുടർനടപടികൾ അറിയിക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മേൽ വിഷയത്തിൽ ശ്രീ.വി.കെ.ഷാനവാസ് ബഹു.മുഖ്യമന്ത്രി മുമ്പാകെ സമർപ്പിച്ച അപേക്ഷ എൻ1/174/2017/റവന്യൂ എന്ന ഫയലിൽ പരിശോധിക്കുകയും അപേക്ഷകന് 24/02/2018-ന് മറുപടി നൽകി തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. ടി മിച്ചഭൂമി കേസിൽ കക്ഷികളുടെ പരാതിയിൻമേൽ അടിയന്തിര നടപടി സ്വീകരിച്ച് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുവാൻ നിലമ്പൂർ താലൂക്ക് ലാന്റ് ബോർഡ് ചെയർമാനോട് നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ